അക്ഷരങ്ങൾക്കൊപ്പമാവട്ടെ
നിന്റെ പ്രയാണം...
അറിവുകൾക്കൊപ്പമാവട്ടെ
നിന്റെ ചുവടുകൾ....




# ഗവ.എൽ.പി.എസ്.പടനിലം



# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26







# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഒരു വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന് ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയ ധാരണയിൽ എത്തിക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# മലയാളം

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

### അക്ഷര ജ്വാല

കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'അക്ഷരജ്വാല' പദ്ധതി നടപ്പിലാക്കുന്നു. പ്രീ ടെസ്റ്റ് കുട്ടികളെ നിലവാരം അനുസരിച്ച് തരംതിരിക്കൽ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ആക്ടിവിറ്റീസ് ഗ്രൂപ്പായും വ്യക്തിഗതമായും നൽകൽ വിലയിരുത്തൽ.

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **സാമ്പത്തികം / പിന്തുണ** |
|---|---|---|
| കുഞ്ഞെഴുത്ത് (1, 2 ക്ലാസ്), വായന കാർഡ്, അക്ഷരക്കാർഡ്, ചിത്ര വായന, ക്ലാസ് ലൈബ്രറി വിപുലീകരണം, വായന കൂട്ടം രൂപീകരിക്കൽ, ഭാഷോത്സവം, ചുമർപത്രം, ക്ലാസ് പത്രം | വർഷം മുഴുവൻ | BRC<br>PTA<br>SMC<br>MPTA<br>വാർഡ് കൗൺസിലർ<br>പൂർവാധ്യാപകർ |
| റീടെസ്റ്റ് തിയേറ്റർ വായനാക്കുറിപ്പ് പത്രവായന സർഗ്ഗ വേള രചന ശില്പശാല കഥ കവിത രചനകൾക്കുള്ള വേദിയൊരുക്കൽ ലഘുപതിപ്പുകൾ തയ്യാറാക്കൽ | ആഴ്ചയിൽ ഒരിക്കൽ | |
| ഗ്രന്ഥശാല സന്ദർശനം ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ | വായനാദിനവുമായി ബന്ധപ്പെട്ട് | |
| പുസ്തക പരിചയം വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് സംയുക്ത ഡയറി സചിത്ര ഡയറി | വർഷം മുഴുവൻ | |
| കഥ പൂരണം രചനോത്സവം | ആഴ്ചയിൽ ഒന്ന് | |

# ഗണിതം

ഗണിത പഠനം രസകരമാക്കൽ, ഗണിതത്തോടുള്ള വിരസതയും ഭയവും ഒഴിവാക്കൽ,ഗണിത ചിന്താശേഷി വളർത്തൽ, ചതുഷ്‌ക്രിയകൾ ലളിതമാക്കൽ, ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ, ഗണിതശേഷി പ്രകടനം തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലമായി നടപ്പിലാക്കുന്നു.

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **സാമ്പത്തികം / പിന്തുണ** |
|---|---|---|
| ജാമിതീയ രൂപങ്ങളുടെ നിർമ്മാണം അസംബ്ലി ഗണിത കുസൃതി കണക്ക് ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി) | ആവശ്യാനുസരണം | |
| സങ്കലനം വ്യവകലനം കച്ചവടക്കളി ഒറിഗാമി നിർമ്മാണം പ്രദർശനം പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | |
| ഗണിതമാഗസിൻ ഐസിടി കളിപ്പെട്ടി പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | |

# പരിസര പഠനം

കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിനും നാട്ടറിവുകൾ പരിചയപ്പെടുത്തുന്നതിനും പ്രകൃതിവിഭവ സംരക്ഷണം ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു

| പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം / പിന്തുണ |
|---|---|---|
| പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ<br>ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ആവശ്യാനുസരണം | SRG<br>PTA<br>SMC<br>HM<br>TEACHERS |
| ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.കുറിപ്പ് തയ്യാറാക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം. പോസ്റ്റർ രചന മത്സരം അവതരണങ്ങൾ ശാസ്ത്രോത്സവം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം പച്ചക്കറിത്തോട്ടം | കർഷകദിനത്തോട നുബന്ധിച്ച് | |
| ഭൂപട വായന, രചന ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ ശുചിത്വ സർവേ | | |

# ഇംഗ്ലീഷ്

കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വളർത്താനുള്ള പദ്ധതികൾ ആസൂത്രണം. ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ. ആശയമറിഞ്ഞും ഒഴുക്കോടെയുമുള്ള വായനയ്ക്ക് അവസരം നൽകൽ. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി ഉയർത്തൽ. സർഗാത്മകതാ പരിപോഷണത്തിലൂടെ ഇംഗ്ലീഷ് ഭാഷ താൽപര്യം ഉയർത്തൽ.

<table>
<tr><th>പ്രവർത്തനങ്ങൾ</th><th>കാലയളവ്</th><th>സാമ്പത്തികം / പിന്തുണ</th></tr>
<tr><td>ഹലോ ഇംഗ്ലീഷ്<br>ഇംഗ്ലീഷ് അസംബ്ലി</td><td>ക്ലാസ് റൂം<br>പ്രവർത്തനങ്ങൾ</td><td rowspan="2">SRG<br>PTA<br>SMC<br>HM<br>TEACHERS</td></tr>
<tr><td>Reader's theatre, Conversation, Story telling,<br>Wordgames, Picture reading, Peer group<br>learning, English Diary, Sentence card making,<br>Wordstudy using computers, Making<br>crossword puzzles, Dictionary making, Add<br>more lines, Audio Video clippings<br>for correct pronounciation.<br>English Fest Poster, Playcards making</td><td>ആവശ്യാനുസരണം</td></tr>
</table>

ജൂൺ ആദ്യവാരം മുതൽ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. പഠന പിന്നോക്കം നിൽക്കുന്നവർ പ്രത്യേക പരിഗണന ആവശ്യമുള്ളവർ എന്നിവരെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തുന്നു. ഐസിടി സാധ്യത എല്ലാ മേഖലകളിലും പരമാവധി പ്രയോജനപ്പെടുത്തുന്നു. മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ,

, പ്രഭാത ഭക്ഷണം,

പോഷകസമൃദ്ധമായ ഉച്ചഭക്ഷണം എന്നീ പദ്ധതികൾ തുടരും.